**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല - കോലാഴി ഗ്രാമപഞ്ചായത്ത് - റിപ്പബ്ലിക് കുടിവെള്ള പദ്ധതി - ശ്രീ. അനിൽ അക്കര എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച ഭരണാനുമതി - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3069/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 03/12/2018

പരാമർശം:- 1. സർക്കാരിന്റെ 12/07/2018 ലെ സ.ഉ(സാധാ)നം.1913/2018/തസ്വഭവ നമ്പർ ഉത്തരവ്.
2. ശ്രീ. അനിൽ അക്കര എം.എൽ.എയുടെ 13/08/2018 ലെ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.അനിൽ അക്കര എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും കോലാഴി ഗ്രാമപഞ്ചായത്തിലെ വാർഡ് 13 ൽ റിപ്പബ്ലിക് കുടിവെള്ള പദ്ധതിയ്ക്കായി 20,00,000/- രൂപ (ഇരുപത് ലക്ഷം) അനുവദിച്ച് ഭരണാനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ചുമതല സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം 2 പ്രകാരം ശ്രീ. അനിൽ അക്കര എം.എൽ.എ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി-എ.ഡി.എസ് എന്ന ശീർഷകം കൈകാര്യം ചെയ്യുന്നത് തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ ആയതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയും, ടി ശീർഷകത്തിൽ നിന്നും ചെലവ് നിറവേറ്റുന്നതിന് അനുമതി നൽകിക്കൊണ്ടും പരാമർശം 1 ലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

മേൽ പരാമർശിത ഉത്തരവ് ടി ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

ബീനമോൾ കെ.ജെ,

**ഡെപ്യൂട്ടി സെക്രട്ടറി.**

പ്രസിഡന്റ്/സെക്രട്ടറി, കോലാഴി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (ID.257/NC-C3/2016/Fin)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ